1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : 2001-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതിരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ) : സർ, ഞാൻ പിന്താങ്ങുന്നു.

മി. സ്പീക്കർ : 2001- ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പാസ്സാക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിക്കുകയും, ബിൽ പാസ്സാക്കുകയും ചെയ്തു.

XI അവകാശലംഘന പ്രശ്നം

മി. സ്പീക്കർ : കുമിളിയിൽ പത്രലേഖകരോട് സംസാരിക്കവെ മുല്ലപ്പെരിയാർ അണക്കെട്ടിനെ സംബന്ധിച്ച് ശ്രീ. പി. സി. തോമസ് എം. പി. നടത്തിയ ചില പരാമർശങ്ങൾ , നിയമസഭാംഗവും പെറ്റീഷൻസ് കമ്മിറ്റി ചെയർമാനുമായ തന്നെ അപകീർത്തിപ്പെടുത്തുന്നതും തന്റെ അവകാശങ്ങളെ ലംഘിക്കുന്നതുമാണെന്നും ആരോപിച്ച് ശ്രീ. പി. സി. തോമസിനെതിരെ ശ്രീ. പി. സി. ജോർജ് ഒരു നോട്ടീസ് നൽകിയിട്ടുണ്ട്. മുല്ലപ്പെരിയാർ അണക്കെട്ട് പ്രശ്നത്തിൻമേൽ നിയമസഭാ പെറ്റീഷൻസ് കമ്മിറ്റി ചെയർമാൻ ശ്രീ. പി. സി. ജോർജ് എം.എൽ.എ. യുടെ നിലപാട് സംശയകരമാണെന്നും അദ്ദേഹം തമിഴ്നാടിന്റെ സ്വാധീനത്തിൽപ്പെട്ടുപോയതായി സംശയിക്കുന്നുവെന്നും അണക്കെട്ടിന് യാതൊരു കുഴപ്പവുമില്ലെന്നും കമ്മിറ്റിയിലെ മറ്റംഗങ്ങളുമായി ചർച്ച ചെയ്യാതെ ചെയർമാൻ നടത്തിയ വെളിപ്പെടുത്തൽ നിയമസഭാ ചട്ടങ്ങൾക്ക് എതിരാണെന്നും അണക്കെട്ടിലെ ജലനിരപ്പ് നിർണ്ണയിക്കപ്പെട്ടതിൽ പാകപ്പിഴയുണ്ടെന്നും ശ്രീ. പി. സി. തോമസ് എം. പി. പത്രലേഖകരോട് സംസാരിക്കവേ പറഞ്ഞുവെന്നാണ് ശ്രീ. പി. സി. ജോർജിന്റെ ആരോപണം. നോട്ടീസ് ഒരു ലോകസഭാംഗത്തിന് എതിരെയായതിനാൽ അംഗീകൃത കീഴ്വഴക്കമനുസരിച്ച് അനന്തര നടപടികൾക്കായി ഈ നോട്ടീസ് ലോകസഭാ സ്പീക്കർക്ക് അയച്ചുകൊടുക്കുന്നതാണ്. അതാണ് അതിന്റെ നടപടിക്രമം ഓർഡർ.....ഓർഡർ.....ഇന്നിപ്പോൾ മറ്റെല്ലാ ബിസിനസുകളും കഴിഞ്ഞു.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : ഗവൺമെന്റിന് സഭയിൽ വയ്ക്കാൻ തൽക്കാലം മറ്റ് ബിസിനസുകളൊന്നും ഇല്ലാത്തതിനാൽ സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിയാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഇന്ന് രാവിലെ കാര്യങ്ങളെല്ലാം പറഞ്ഞതുകൊണ്ട് ഇനി അതിന്റെ ആവശ്യമില്ല. എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി പ്രകാശിപ്പിക്കുകയാണ്. ബഹുമാന്യനും പ്രിയങ്കരനുമായ മുഖ്യമന്ത്രി ഇവിടെ പ്രകടിപ്പിച്ച സ്നേഹവാക്കുകൾക്കെല്ലാം ഹൃദയം നിറഞ്ഞ നന്ദി ഒന്നുകൂടി പ്രകാശിപ്പിക്കുന്നു. 10-ാം കേരള നിയമസഭയുടെ ഹൃദയവികാരങ്ങൾ ഹൃദയത്തിൽ കാത്തുസൂക്ഷിച്ചുകൊണ്ട് നമുക്ക് ഈ സഭയോട് വിടവാങ്ങാം. പത്താം കേരള നിയമസഭയുടെ ഈ അവസാന സമ്മേളനം അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞിരിക്കുന്നു.

(സഭ വൈകുന്നേരം 6.40-ന് അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു).

SECRETARIAT OF THE KERALA LEGISLATURE

NOTIFICATION

No. 238/Table: 1/2001/Leg. *Dated, Thiruvananthapuram, 11th March, 2001*

In exercise of the powers conferred by sub-clause (a) of Clause 2 of Article 174 of the Constitution of India, the Governor of the State of Kerala hereby prorogues the Sixteenth Session of the Tenth Kerala Legislative Assembly with effect from March 8, 2001 at the conclusion of its setting.

ഇൻഡ്യൻ ഭരണഘടനയുടെ 174-ാം അനുച്ഛേദം 2-ാം ഖണ്ഡം (എ) ഉപഖണ്ഡ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സംസ്ഥാന ഗവർണ്ണർ പത്താം കേരള നിയമസഭയുടെ പതിനാറാം സമ്മേളനം 2001 മാർച്ച് 8-ാം തീയതി അതിന്റെ സമ്മേളനം അവസാനിച്ചതുമുതൽ സമാപിപ്പിച്ചിരുന്നു.

By order of the Governor,
DR. N.K. JAYAKUMAR,
Secretary
Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly